നമ്പർ.സി4.9885/95/ടി.എക്സ് (നികുതിവകുപ്പ്),

റവന്യൂബോർഡാഫീസ്

തിരുവനന്തപുരം, 14-7-1995

## സർക്കുലർ നമ്പർ 16/95

വിഷയം : നികുതി – വിററ് വരവ് നികുതി ഈടാക്കുന്നതിനെ സംബന്ധിച്ചുള്ള സർക്കാർ കരാറുകാരുടെ പരാതി – സംബന്ധിച്ച്

സൂചന : 3468/ബി1/95/ററി.ഡി നമ്പറിലുള്ള സർക്കാർ മേലെഴുത്ത്

വിററുവരവ് നികുതിയുടെ പേരിൽ ചില വില്പന നികുതി ഉദ്യോഗസ്ഥർ സർക്കാർ കരാറുകാരെ അനാവശ്യമായി ബുദ്ധിമുട്ടിക്കുന്നതായി സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. കരാർ പണിയിൽ അവാർഡർമാർ നൽകുന്ന വസ്തുക്കളുടെ വിലകൂടി കരാർ പണിക്കാരുടെ വിററുവരവിൽ ഉൾപ്പെടുത്തി നികുതി ചുമത്തുന്നതായാണ് പരാതി ഉയർന്നിരിക്കുന്നത്.

കേരള പൊതു വില്പന നികുതി ചട്ടങ്ങളിലെ ചട്ടം 8(സി) പ്രകാരം അവാർഡർമാർ നൽകുന്ന വസ്തുക്കളുടെ വില മൊത്തം വിററ് വരവിൽപ്പെടുകയില്ല. അതുകൊ ് അതിനു വിററ് വരവ് നികുതി ചുമത്തുന്നത് ശരിയല്ല. ആയതിനാൽ സർക്കാർ നൽകുന്ന സാധനങ്ങൾക്ക് സർക്കാർ കരാറുകാരുടെ പക്കൽനിന്നും വിററുവരവ് നികുതി ഈടാക്കുവാൻ പാടില്ല.

കരാർ പണിക്കാരുടെ കണക്കുകൾ പരിശോധിച്ച് തീർപ്പ് കല്പിക്കുന്ന അവസരത്തിൽ മേൽപ്പറഞ്ഞ നിയമവ്യവസ്ഥ എല്ലാ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേ താണ്.

എല്ലാ ഡെപ്യൂട്ടി കമ്മീഷണർമാരും ഈ സർക്കുലറിൻെറ സ്വീകാരം ബോർഡിനെ അറിയിക്കുകയും അവരുടെ കീഴുദ്യോഗസ്ഥന്മാരിൽ നിന്നും സ്വീകാരം വാങ്ങുകയും ചെയ്യേ താണ്.

ഒപ്പ്
**എസ്. അനിൽകുമാർ**
സെക്രട്ടറി (ടാക്സ് – 2)

പകർപ്പ്:

എല്ലാ ഉദ്യോഗസ്ഥൻമാർക്കും
ഫയൽ/സ്റ്റോക്ക്ഫയൽ